"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യു വകുപ്പ്-സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് ഡിജിറ്റൽ യൂണിവേഴ്സ്റ്റി കേരള മുഖേന വികസിപ്പിക്കുന്ന പുതിയ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ തയ്യാറാക്കുന്നതിന് ഭൂരേഖകൾ നൽകുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർക്കും സർവ്വേ ഡയറക്ടർക്കും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ(ഇ.) വകുപ്പ്**

**G.O.(Rt)No.4562/2023/RD** തീയതി,തിരുവനന്തപുരം, **28-12-2023**

---

പരാമർശം:-

1. 11/11/2022ലെ സ.ഉ(സാധാ)നം.425/2022/പി&ഇഎ.
2. 04/04/2023ലെ സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് ഡയറക്ടറുടെ 04/04/23 ലെ DES/4236/2022-COMP3 നം. കത്ത്
3. സർവ്വേ ഡയറക്ടറുടെ 25/05/2023ലെ DSLR/21246/2017-J3 നം. കത്ത്.
4. 29/10/2023ലെ ലാന്റ് റവന്യൂ കമ്മീഷണറുടെ 29/10/23ലെ LR/796/2022-SC2(IT cell)നം. കത്ത്.

**ഉത്തരവ്**

പരാമർശം(1) പ്രകാരം സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പിനുവേണ്ടി നൂതന സാങ്കേതിക വിദ്യയിലുള്ള പുതിയ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ തയ്യാറാക്കുന്നതിന് ഡിജിറ്റൽ യൂണിവേഴ്സിറ്റിയെ ഡെവലപ്പിംഗ് ഏജൻസിയായി നിയമിച്ചു ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 28/02/2023,15/03/2023, 24/03/2023 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പിനു വേണ്ടി ഡിജിറ്റൽ യൂണിവേഴ്സിറ്റി വികസിപ്പിക്കുന്ന നൂതന സാങ്കേതിക വിദ്യയിലുള്ള സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനിൽ ഭൂമി സംബന്ധമായ ഡാറ്റ ലഭ്യമാക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് ഡയറക്ടർ പരാമർശം(2) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള മുഖേന വികസിപ്പിക്കുന്ന പുതിയ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ തയ്യാറാക്കുന്നതിന്

സർവ്വെയും ഭൂരേഖയും വകുപ്പിന്റെ പക്കലുള്ള ഡിജിറ്റൽ റീസർവ്വെ പൂർത്തിയായ വില്ലേജുകളുടെ ഭൂരേഖകളും, മറ്റു ലഭ്യമായ ഡിജിറ്റലൈസ് ചെയ്ത ഭൂരേഖകളും എല്ലാ വർഷവും നൽകുന്നതിന് സർവ്വേ ഡയറക്ടർക്കും, സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള (DUK) മുഖേന വികസിപ്പിക്കുന്ന പുതിയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ള 9 മൊഡ്യൂളുകളിൽ ഏറ്റവും പ്രധാനപ്പെട്ട EARAS (Establishment of an Agency for Reporting Agriculture Statistics) എന്ന മൊഡ്യൂളിന്റെ ആവശ്യത്തിന് മാത്രമായി എല്ലാ വർഷവും ജൂൺ മാസത്തിൽ Relis- Land Records data API മുഖേന നൽകുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർക്കും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ROYCHEN THOMAS**
**DEPUTY SECRETARY**

സർവ്വെ ഡയറക്ടർ, തിരുവനന്തപുരം.
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
ആസൂത്രണ സാമ്പത്തിക കാര്യ(ബി) വകുപ്പ്(PLGEA-B1/182/2022-PLGEA
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (REV - E1/111/2023-REV)

ഉത്തരവിൻ പ്രകാരം
Signed by
Joshy.k.l
Date: 29-12-2023 12:04:31
സെക്ഷൻ ഓഫീസർ